# Deepika

## 27 August 2018

## Thiruvananthapuram; After Flood, Flood relief fund Restoration



### എച്ച്ഡിഎഫ്സി ബാങ്ക് 30 ഗ്രാമങ്ങൾ ഏറ്റെടുക്കും

**തിരുവനന്തപുരം:** കേരളത്തിലെ 30 ഗ്രാമങ്ങൾ ഏറ്റെടുക്കുമെന്ന പ്രഖ്യാപനവുമായി എച്ച്ഡിഎഫ്സി ബാങ്ക്. സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് ആയിരിക്കും അന്തിമ തീരുമാനം കൈക്കൊള്ളുക. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബാങ്ക് 10 കോടി രൂപ നല്കി.

ബാങ്ക് ജീവനക്കാരുടെ ഒരു ദിവസത്തെ ശമ്പളവും ബാങ്കിന്റെ വിഹിതവും ചേർത്താണ് പത്തു കോടി രൂപ നല്കിയിരിക്കുന്നത്. കേരളത്തിലെ ഇടപാടുകാരിൽനിന്ന് ഓഗസ്റ്റിലെ വായ്പാ ഇഎംഐ, ക്രെഡിറ്റ് കാർഡ് പേമെന്റ് എന്നിവയ്ക്ക് ലേറ്റ് പേമെന്റ് ഫീ ഈടാക്കേണ്ടതില്ലെന്നും ബാങ്ക് തീരുമാനിച്ചിട്ടുണ്ട്.

മഹാപ്രളയത്തിൽ അകപ്പെട്ട ജനങ്ങൾക്ക് ഭീമ ഗ്രൂപ്പിന്റെ രണ്ടാംഘട്ട സഹായം 2,03,36,330 രൂപ മുഖ്യമന്ത്രിക്ക് ഭീമാ ഗ്രൂപ്പ് ചെയർമാൻ ഡോ.ബി. ഗോവിന്ദൻ കൈമാറുന്നു. ബി. ഗിരിരാജൻ, ബി. ബിന്ദു മാധവ്, എംഎസ്. സുഹാസ് എന്നിവർ സമീപം.